പത്രക്കുറിപ്പ്

# ആറ്റുകാൽ പൊങ്കാല

## സമൂഹ പൊങ്കാല അനുവദിക്കില്ല

## കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം

കോവിഡ്-19

## വിലക്ക് ലംഘനം: 57 പേർക്കെതിരെ നിയമനടപടി

## 15,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- കോവിഡ് രോഗവ്യാപന സാധ്യത കണക്കിലെടുത്ത് ഈ വർഷത്തെ പൊങ്കാല ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ മാത്രമായി തീരുമാനിച്ചിരിക്കുന്നതിനാൽ ഭക്തജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അവരവരുടെ വീട്ടിൽ തന്നെ പൊങ്കാല ഇടേണ്ടതാണെന്നും വീടുകളിലും മറ്റു സ്ഥലങ്ങളിലും യാതൊരു കാരണവശാലും സമൂഹപൊങ്കാല അനുവദിക്കുകയില്ലായെന്നും ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

വീടുകളിൽ പൊങ്കാല ഇടുന്നവർ പുറമെ നിന്നുള്ള ബന്ധുമിത്രാദികളെ വീട്ടിലേയ്ക്ക് ക്ഷണിച്ചു വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം പൊങ്കാല ഇട്ടശേഷം ഭക്തർ ക്ഷേത്രത്തിലേയ്ക്ക് കൂട്ടമായി എത്താതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. 26, 27 തിയതികളിൽ മുൻ കാലങ്ങളിലേതു പോലെ ഭക്തജന തിരക്ക് ഉണ്ടായാൽ, അത് രോഗ വ്യാപനം വർദ്ധിപ്പിക്കുമെന്നതിനാൽ ഈ ദിവസങ്ങളിൽ ദർശനത്തിനെത്തുന്ന ഭക്തർ അതീവ ജാഗ്രത പാലിക്കേണ്ടതും

തിരക്ക് ഒഴിവാക്കേണ്ടതുമാണ്. അതുപോലെ പത്ത് വയസിനു താഴെയുള്ള കുട്ടികളും ഏറെ പ്രായം ചെന്നവരും പരമാവധി ദർശനത്തിനെത്തുന്നത് ഒഴിവാക്കേണ്ടതുമാണ്. ക്ഷേത്രത്തിലേക്ക് വരുന്ന വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല. പാർക്കിങ്ങിനായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ഏരിയായിൽ മാത്രമേ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളൂ.

ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ പൊങ്കാല ഇടുന്നതിനോടനുബന്ധിച്ചുള്ള ചടങ്ങുകൾക്ക് ക്ഷേത്ര ട്രസ്റ്റിന്റെയും പോലീസിന്റെയും മുൻകൂർ അനുമതി ഉള്ളവരെ മാത്രമേ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളിലും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കി പൊതുജനങ്ങൾ സുരക്ഷാ ക്രമീകരണങ്ങളോട് സഹകരിക്കണമെന്നും, രോഗവ്യാപനം ഉണ്ടാവുന്ന തരത്തിൽ സുരക്ഷാ നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (25-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 57 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 23 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 31 പേരിൽ നിന്നും 15,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്ത 5 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

# അറിയിപ്പ്

ഫോട്ടോയിൽ കാണുന്ന ഊരും പേരും തിരിച്ചറിഞ്ഞിട്ടില്ലാത്തതും, കാലിന് സ്വാധീനക്കുറവുള്ളതും, നരച്ച തലമുടിയും താടിരോമവും ഉള്ളതുമായ 55 വയസ്സ് പ്രായം



തോന്നിക്കുന്ന ഒരു പുരുഷൻ കഴക്കൂട്ടം റയിൽവേ സ്റ്റേഷൻ യാർഡിൽ 17.02.2021 തീയതി ട്രയിൻ തട്ടി മരണപ്പെട്ട് കാണപ്പെട്ട മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂക്ഷിച്ച് പോരുന്നു. ഇയാളെക്കുറിച്ച് എന്തെങ്കിലും വിവരം അറിയുന്നവർ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെട്ട അറിയിക്കണമെന്നു താൽപ്പര്യപ്പെടുന്നു.

തുമ്പ പോലീസ് സ്റ്റേഷൻ –0471–2563754

എസ് എച്ച് ഓ തുമ്പ – 9497947106

എസ് ഐ തുമ്പ –9497980025

തിരുവനന്തപുരം സിറ്റി

25–02–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി